## മഹാത്മാഗാന്ധി സർവ്വകലാശാല

## (സംഗ്രഹം)

എം.സി.എ., ഡി.ഡി.എം.സി.എ, എൽ.എം.സി.എ കോഴ്സുകൾ-2016 മുതലുള്ള സിലബസ് പരിഷ്കരണം-സർവ്വകലാശാല ഉത്തരവ്-പ്രാബല്യം സംബന്ധിച്ച് ഭാഗികമായി ഭേദഗതി-അംഗീകരിച്ച് ഉത്തരവാകുന്നു.

==============================================================================

**അക്കാദമിക് എ4 വിഭാഗം**

യു.ഒ.നം. 2885/എIV/2/2017/അക്കാദമിക്. പി.ഡി. ഹിൽസ്, തീയതി: 17/05/2017

==============================================================================

വായിക്കുക:- 1) സ.ഉ.നം. 937/എIV/2/ 2017/അക്കാദമിക് തീയതി 16/02/2017.
2) കമ്പ്യൂട്ടർ സയൻസ് (പി.ജി) ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാന്റെ 25/03/2017-ലെ കത്ത്.

### ഉത്തരവ്

മുകളിൽ പരാമർശിച്ചിട്ടുള്ള ഒന്നാം പേപ്പർ പ്രകാരം എം.സി.എ., ഡി.ഡി.എം.സി.എ, എൽ.എം.സി.എ കോഴ്സുകളുടെ 2016 മുതലുള്ള സിലബസ് പരിഷ്കരണം സംബന്ധിച്ച് സർവ്വകലാശാല ഉത്തരവ് പുറത്തിറങ്ങി. ടി ഉത്തരവ് പ്രകാരം 2016 അഡ്മിഷൻ മുതൽ ഡി.ഡി.എം.സി.എയുടെ പേര് "ഇന്റഗ്രേറ്റഡ് എം.സി.എ (ഐ.എം.സി.എ) എന്നാക്കിമാറ്റുകയും ചെയ്തു.

ടി സർവ്വകലാശാല ഉത്തരവ് പുറത്തിറങ്ങിയതിനു മുമ്പുതന്നെ 2016 പരീക്ഷാകലണ്ടർ പ്രകാരം ഒന്നാം സെമസ്റ്റർ ഡി.ഡി.എം.സി.എ (2016 പ്രവേശനം) പരീക്ഷ 27/01/2017-ൽ പഴയ സ്കീം അനുസരിച്ച് നടത്തപ്പെട്ടു. ടി കാര്യങ്ങൾ ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ കമ്പ്യൂട്ടർ സയൻസിന്റെ (പി.ജി) ചെയർമാന്റെ ശ്രദ്ധയിൽപ്പെടുത്തി. മുകളിൽ പറഞ്ഞിട്ടുള്ള രണ്ടാം പേപ്പർ പ്രകാരം കമ്പ്യൂട്ടർ സയൻസ് (പി.ജി) ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻ താഴെപറയുന്ന ശുപാർശ സമർപ്പിച്ചു. "എം.സി.എ, ഡി.ഡി.എം.സി.എ, എൽ.എം.സി.എ കോഴ്സുകളുടെ സിലബസ് പരിഷ്കരണവും പേര് മാറ്റവും തുല്യതാ പത്രം നൽകലും സംബന്ധിച്ച 16/2/2017-ലെ 937/എIV/2/2017/അക്കാദമിക്-ാം സർവ്വകലാശാല ഉത്തരവിന് 2017 അഡ്മിഷൻ മുതൽ പ്രാബല്യം നൽകിയാൽ മതി." ഇക്കാര്യം വിശദമായി പരിശോധിച്ച വൈസ് ചാൻസിലർ സർവ്വകലാശാല ഉത്തരവ് ഭേദഗതി ചെയ്യുന്ന വിഷയം അക്കാഡമിക് കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ഉത്തരവിട്ടു. എന്നാൽ വിഷയത്തിന്റെ അടിയന്തര സ്വഭാവം പരിഗണിച്ച് വൈസ് ചാൻസിലർ 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല നിയമം അദ്ധ്യായം (3), 10 (17) വകുപ്പ് പ്രകാരം തന്നിൽ നിക്ഷിപ്തമായിരിക്കുന്ന അക്കാഡമിക് കൗൺസിലിന്റെ അധികാരം ഉപയോഗിച്ച് എം.സി.എ., ഡി.ഡി.എം.സി.എ, എൽ.എം.സി.എ കോഴ്സുകളുടെ സിലബസ് പരിഷ്കരണവും പേര് മാറ്റവും, തുല്യതാ പത്രം നൽകലും 2017 - അഡ്മിഷൻ മുതൽ പ്രാബല്യം നൽകിയാൽ മതി എന്ന കമ്പ്യൂട്ടർ സയൻസ് (പി.ജി), ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാന്റെ ശുപാർശ അംഗീകരിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു. മുകളിൽ പരാമർശിക്കപ്പെട്ട പേപ്പർ(1) പ്രകാരമുള്ള സർവ്വകലാശാല ഉത്തരവ് മേൽ വിശദീകരിക്കപ്പെട്ട പ്രകാരം ഭാഗികമായി ഇതിനാൽ ഭേദഗതി ചെയ്യപ്പെട്ടിരിക്കുന്നു.

ഒപ്പ്/-

**ശ്രീരാജ് ആർ.**
**അസിസ്റ്റന്റ് രജിസ്ട്രാർ II (അക്കാദമിക്)**
**രജിസ്ട്രാർക്കുവേണ്ടി**

പകർപ്പ്:

1. വൈസ് ചാൻസിലറുടെ/പ്രൊ വൈസ് ചാൻസിലറുടെ പി.എസ്.മാർ
2. രജിസ്ട്രാറുടെ/പരീക്ഷാ കൺട്രോളറുടെ പി.എ.മാർ
3. എ.സി.സി. സെക്ഷൻ/ കണ്ടന്റ് മാനേജ്മെന്റ് വിഭാഗം
4. ചെയർമാൻ, ബോർഡ് ഓഫ് സ്റ്റഡീസ് ഇൻ കമ്പ്യൂട്ടർ സയൻസ് (പി.ജി)
5. എആർ/ഡിആർ/ജെആർ (എക്സാം/അക്കാദമിക്)
6. ഇ.ഐ14/ഇ.ബി.5 വിഭാഗം
7. റെക്കോർഡ് സെക്ഷൻ/ഫയൽ കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ഫയൽ നം. എസിഎIV/2/9055/2016